യാത്രാനുഭവം







# സൈക്കിൾ തണ്ടിലെ പ്രണയം

## ആംസ്റ്റർഡാമിലെ സൈക്കിളുകൾ 2

**മാധ്യമ പ്രവർത്തകൻ രാജു റാഫേൽ ആംസ്റ്റർഡാമിൽ കണ്ട സൈക്കിൾ കാഴ്ചകൾ തുടരുന്നു**

**നഷ്ട പ്രണയിനിക്ക്** ചെവി മുറിച്ചുകൊടുത്ത വാൻഗോഗിന്റെ കാല്പനിക മണ്ടത്തരമോർത്ത് ഞാൻ ആംസ്റ്റർഡാമിലെ പേരറിയാത്ത വീഥിയിലൂടെ നടന്നു. നിറയെ ടൂറിസ്റ്റുകളുമായി അഞ്ചാം നമ്പർ ട്രാം എനിക്ക് എതിരേ വരുന്നുണ്ട്. ഞാൻ നഗരഹൃദയത്തിലേക്ക് തന്നെയാണ് നടക്കുന്നത് എന്ന് സ്പഷ്ടം.
പ്രധാന റോഡിനോട് ഇടതുവശം ചേർന്ന് ചുവന്ന കല്ലുകൾ പതിച്ച ചെറിയ പാതയിലൂടെയാണ് ഞാൻ നടക്കുന്നത്. പ്രധാന റോഡിന്റെ വലതുവശത്തും ഇതേ പോലുള്ള ചുവന്ന പാത കാണാനുണ്ട്. ഞാൻ നടക്കുന്ന ചെറിയ പാതയിലൂടെ സൈക്കിളുകൾ കടന്നു പോകുന്നുണ്ട്. ചില സൈക്കിൾ യാത്രക്കാർ എന്നെ തുറിച്ചുനോക്കുന്നുമുണ്ട്. അൽപ്പം കഴിഞ്ഞപ്പോൾ എന്റെ പുറകിൽ ഒരു ചെറിയ സൈക്കിൾ മണിനാദം കേട്ടു. തിരിഞ്ഞുനോക്കിയപ്പോൾ വെളുക്കെ ചിരിച്ചുകൊണ്ട് ഒരു സായിപ്പ്. ഭംഗിയുള്ള വെള്ളയും നീലയും യൂണിഫോമിൽ. ചിരിച്ചുകൊണ്ട് തന്നെ പരിചയപ്പെടുത്തി. സീനിയർ പോലിസ് ഓഫിസ്സറാണ്. താങ്കൾ നടക്കുന്നത് സൈക്കിൾ യാത്രക്കാരുടെ പാതയിലൂടെയാണ്. കാൽനടയാത്രക്കാർക്ക് വേണ്ടിയുള്ള പാത അതാണ്. ദയവായി അതിലൂടെ നടക്കുക. തൊട്ടപ്പുറത്തെ കോൺക്രീറ്റ് ഫുട്പാത്ത് ചൂണ്ടിക്കാണിച്ചുകൊണ്ട് ഡച്ച് കലർന്ന ഇംഗ്ലീഷിൽ ഓഫിസ്സർ പറഞ്ഞു.
അറിയാവുന്ന ഡച്ചിൽ സോറി പറഞ്ഞുകൊണ്ട് ഞാൻ ഫുട്പാത്തിലേക്ക് മാറി, ഒരു ചെറിയ അമളി പറ്റിയതിന്റെ ജാള്യതയോടെ. ചില സൈക്കിൾ യാത്രാക്കാർ ഇടക്ക് എന്നെ തുറിച്ചുനോക്കിയതിന്റെ പൊരുൾ ഇതാണല്ലേ! നടപ്പ് തുടരാതെ പോലിസ് ഓഫിസർ പോകുന്നത് ഞാൻ നോക്കിനിന്നു. എന്താണെന്ന് എനിക്ക് തന്നെ തിരിച്ചറിയാത്ത ഒരു വല്ലാത്ത അമ്പരപ്പ് എന്നെ പിടികൂടിയിരിക്കുന്നു. എന്താണത് ? ഇത്രയും സൗമ്യമായി ഒരു പോലിസ് ഓഫിസർ പെരുമാറിയത് കൊണ്ടാണോ ? ആവാൻ വഴിയില്ല. ഹോളണ്ടിലെ പോലീസുകാരുടെ മര്യാദയെ കുറിച്ച് ഞാൻ വായിച്ചറിഞ്ഞിട്ടുണ്ട്. ഒരു സീനിയർ പോലിസ് ഓഫിസർ സൈക്കിളിൽ യാത്ര ചെയ്യുന്നത് കണ്ടിട്ടാണോ ? അതും ഔദ്യോഗിക ആവിശ്യത്തിനായി ( കേരളത്തിൽ ചെന്ന് സുഹൃത്തുക്കളോട് പറഞ്ഞാൽ വിശ്വസിക്കാൻ പോലും സാധ്യതയില്ലാത്ത കാര്യം!). അതോ പ്രധാന പാതയുടെ ഇരു വശത്തുമായി സൈക്കിൾ യാത്രക്കാർക്ക് മാത്രമായി പ്രത്യേക പാത ഉണ്ടെന്ന് അറിഞ്ഞതോ ?
എന്തായാലും ഹോളണ്ടിലെ സൈക്കിൾ യാത്രക്കാരോട് എനിക്ക് അസൂയ തോന്നി. പാഞ്ഞുപോകുന്ന ടിപ്പർ ലോറികളെ പേടിച്ചും ബസ്സ് ഡ്രൈവർമാരുടെ പുച്ഛം കലർന്ന

ഉച്ചത്തിലുള്ള നിറുത്താതെയുള്ള ഹോണടി സഹിച്ചും നിനക്ക് ഈ നൂറ്റാണ്ടിൽ ജീവിക്കാൻ എന്ത് അവകാശമാണ് ഉള്ളത് എന്ന കാർ ഡ്രൈവർമാരുടെ ധാർഷ്ട്യം കലർന്ന റോഡിലെ പെരുമാറ്റത്തെ അവഗണിച്ചുമാണ് ഞാൻ എന്റെ നാട്ടിൽ സൈക്കിൾ ചവിട്ടാറ്. വീട്ടിൽ തിരിച്ച് എത്തിയാൽ എത്തിയെന്ന് പറയാം. ഇവിടെ ഇതാ, സൈക്കിൾ യാത്രക്കാർക്ക് മാത്രമായി റോഡുകൾ. മറ്റ് വാഹനങ്ങൾക്ക് മാത്രമല്ല, കാൽനട ക്കാർക്ക് പോലും പ്രവേശനമില്ലാത്ത റോഡുകൾ. അതും ഇരു ാ ഗത്തേക്കും പോകുന്ന വൺവേ കൾ. സൈക്കളിൽ കറങ്ങി നട ക്കാൻ ഇതിലും പറ്റിയ സ്ഥലം

രണ്ടാം ക്ളാസ്സുകാരന്റെ സൈക്കിളിന്റെ സീറ്റും ഹാന്റിലും ഉയർത്തി വെച്ച് മുതിർന്നവർ ചവിട്ടിയാൽ എങ്ങിനെയിരിക്കും. അത്തരത്തിലുള്ള സൈക്കിളുകളാണ് റോഡിൽ കൂടുതലും. കുട്ടിയെ ബാക്കിലെ കാരിയറിൽ പിടിപ്പിച്ച ബേബി സീറ്റിൽ സുരക്ഷിതമായി ഇരുത്തി അനായസമായി വേഗത്തിൽ സൈക്കിൾ ചവുട്ടി നീങ്ങുന്ന നിരവധി സ്ത്രീകൾ, നാട്ടിലെ ലേഡി ബേർഡ് പോലുള്ള തണ്ടില്ലാത്ത സൈക്കിളുകൾ ആണിത്. രണ്ട് കുട്ടികൾ ഉള്ള അമ്മമാർക്ക് വേണ്ടി പുറകിൽ ഒന്നിന്നോട് ചേർന്ന് മറ്റൊരു ബേബി സീറ്റർ പിടിപ്പിച്ച സൈക്കിളുകളും ഉണ്ടെന്ന് അല്പസമയ

നാട്ടിൽ കണ്ടിട്ടുണ്ട്. ബ്രഡും സിഗരറ്റും വിതരണം ചെയ്യുന്നവരാണ് പണ്ട് കേരളത്തിൽ ഇത്തരം മുചക്ര സൈക്കിൾ ഉപയോഗിച്ചിരുന്നത്. എന്നാൽ ഈ സൈക്കിളിന് രണ്ട് ചക്രമേയുള്ളൂ. പിന്നിലെ ചക്രത്തേക്കാൾ ചെറുതാണ് മുന്നിലെ ചക്രം. ചുവന്ന പാതയിലെങ്ങും പ്രേമസല്ലാപത്തിൽ മുഴുകി സൈക്കിളിൽ നീങ്ങുന്ന കമിതാക്കളെ കാണാം. തണ്ടുള്ള വലിയ സൈക്കിളിൽ ഡബിൾ വെച്ചാണ് ഇവരുടെ പോക്ക്. ചിലപെൺകുട്ടികൾ കാമുകന്റെ സൈക്കിളിൾ ബാക്ക് കാരിയറിൽ ഒതുങ്ങിയിരിക്കുന്നു, മറ്റ് ചിലരാകട്ടെ മുന്നിലെ തണ്ടിലാണ് ഇരിപ്പ്. കുറേക്കൂടി ഊഷ്മ

**ഹാന്റിലിന് മുൻപിൽ പിടിപ്പിച്ച ബേബി സീറ്ററിൽ കുറേക്കൂടി ചെറിയ കുട്ടികളെ ഇരുത്തി സൈക്കിളിൽ പാഞ്ഞു പോകുന്ന സ്ത്രീകളെ കണ്ട് ഞാൻ വാ പൊളിച്ചു..**



ലോകത്ത് വേറെ ഉണ്ടാകില്ല, ഞാൻ വിചാരിച്ചു.

പിന്നീട് സൈക്കിൾ യാത്രക്കാരെ നിരീക്ഷിച്ചുകൊണ്ടായി ആംസ്റ്റർഡാം നഗരത്തിലെ പേരറിയാത്ത റോഡിലൂടെയുള്ള എന്റെ യാത്ര. സെന്ററത്തിനോട് (നഗര ഹൃദയം) അടുക്കുംതോറും സൈക്കിൾ യാത്രക്കാരുടെ എണ്ണവും കൂടിവന്നു. റോഡിലെ സൈക്കിളുകളുടെ വൈവിധ്യം എന്നെ വിസ്മയിപ്പിച്ചു എന്ന് പറയുന്നതാകും ശരി. ഏതാണ്ട് ഒരേ പോലത്തെ സൈക്കിളുകൾ മാത്രമെ ഞാൻ നാട്ടിൽ കണ്ടിട്ടുള്ളൂ. ഇത് അങ്ങിനെയല്ല. കഷ്ടി അരയടി മാത്രം വ്യാസമുള്ള ചെറിയ ചക്രങ്ങൾ ഉള്ള സൈക്കിളുകൾ. സൈക്കിളിന് തീരെ ഉയരം കുറവ്. സീറ്റും ഹാന്റിലും മാത്രം ഉയരത്തിൽ. സൈക്കിൾ ചവിട്ടുന്നവരാകട്ടെ വലിയവരും. നാട്ടിലെ

ത്തിനകം മനസ്സിലായി. ഹാന്റിലിന് മുൻപിൽ പിടിപ്പിച്ച ബേബി സീറ്ററിൽ കുറേക്കൂടി ചെറിയ കുട്ടികളെ ഇരുത്തി സൈക്കളിൽ പാഞ്ഞു പോകുന്ന സ്ത്രീകളെ കണ്ട് ഞാൻ വാ പൊളിച്ചു.. അല്പം കൂടി ചെന്നപ്പോൾ രണ്ട് നവജാത ശിശുക്കളെ ഒരുമിച്ച് കിടത്തികൊണ്ട് സൈക്കിളിൽ ഒരു മദാമ്മ. സൈക്കിൾ ഒരു മരത്തിനോട് ചേർത്ത് നിറുത്തി കുട്ടികളുടെ കിടപ്പ് ശരിയാക്കുകയാണ് അവർ. മുഖ ാവം കണ്ടാൽ പ്രസവം കഴിഞ്ഞ് ആശുപത്രിയിൽ നിന്ന് ഇരട്ടകുട്ടികളെയും കൊണ്ട് നേരെ വരികയാണന്ന് തോന്നും. മുൻപിലത്തെ ചക്രത്തിനും സീറ്റിനും ഇടയിലായി പിടിപ്പിച്ചിരിക്കുന്ന പെട്ടിയിലാണ് കുട്ടികളെ കിടത്തിയിരിക്കുന്നത്. ഏതാണ്ട് ഇതുപോലിരിക്കുന്ന മുചക്ര സൈക്കിൽ ഞാൻ ചെറുപ്പത്തിൽ

ളമായ പ്രണയമാണ് ഇവരുടേത് എന്ന് എനിക്ക് തോന്നി. കാമുകനെ ഡബിൾ വെച്ച് പോകുന്ന പെൺകുട്ടികളെയും അപൂർവ്വമായി കണ്ടു. ആൺകുട്ടികൾ സൈക്കിളുകളിന്റ തണ്ടിലോ, ബാക്ക് കാരിയറിലോ ഒതുങ്ങിയിരിക്കുന്നു. ചിലർ വഴിവയ്ക്കിലുള്ള ചാരുബഞ്ചിൽ ഇരുന്ന് ഗാഢമായി ചുംബിക്കുന്നു, സാക്ഷിയായി സൈക്കിളിനെ ചാരുബഞ്ചിൽ ചാരിവെച്ചിരിക്കുന്നു. ഒരു കാര്യം എനിക്ക് മനസ്സിലായി. ഹോളണ്ടിൽ ഒരു സൈക്കിൾ ഉണ്ടെങ്കിൽ ഒരാൺകുട്ടിയ്ക്ക് പ്രണയം മുന്നോട്ട് കൊണ്ടുപോകാം. കേരളത്തിലേതു പോലെ പൾസർ ബൈക്കോ, വിലകൂടിയ മൊബൈൽ ഫോണോ, ഹോണ്ട സിറ്റി കാറോ വേണ്ട. പ്രണയിക്കാനായി ഇവർ വിലയേറിയ



2010

ഇന്ധനം പാഴാക്കുന്നില്ല. ഒരു അന്തരീക്ഷ മലനീകരണവും ഉണ്ടാക്കാത്ത സൈക്കിൾ മാത്രമാണ് പ്രണയത്തിനായുള്ള മുടക്കുമുതൽ. പ്രണയിക്കുന്നവരുടേത് മാത്രമല്ല, കുടുംബങ്ങളുടെയും വാഹനമാണ് ഹോളണ്ടിൽ സൈക്കിൾ. അച്ഛനും അമ്മയും ഒരുകുട്ടിയുമായി നീങ്ങുന്ന സൈക്കിളുകളും കാണാനുണ്ട്. വഴിയരികിലുള്ള സൂപ്പർ മാർക്കറ്റിനു മുൻപിൽ ഇത്തരം സൈക്കിൾ കുടുംബങ്ങളെ കണ്ടു.



ഇപ്പോൾ സമയം നാലരയായിരിക്കുന്നു. രണ്ടര മണിക്കൂറായി ഞാൻ നടപ്പുതുടങ്ങിയിട്ട്. നടന്ന് നടന്ന് എത്തിയതാകട്ടെ, ഒരു പാർക്കിലും. ചുവന്ന സൈക്കിൾ പാത പാർക്കിനകത്തേക്കും നീളുന്നു. അല്പസമയം വിശ്രമിച്ച ശേഷം നടത്തം തുടരാം എന്ന് തീരുമാനിച്ച് പാർക്കിലെ സിമന്റ് ബഞ്ചിലിരുന്നു. അപ്പോഴേക്കും ഒരു മുത്തച്ഛൻ ചലിക്കുന്ന ഒരു ചാരുകസേരയിൽ എന്നെ കടന്നുപോയി. സൂക്ഷിച്ചു നോക്കിയപ്പോഴാണ് മനസ്സിലായത്. അത് വെറുമൊരു ചാരുകസേരയല്ല. ചാരുകസേരയെപ്പോലിരിക്കുന്ന ഒരു സൈക്കിൾ ആണ്. ആ മുത്തച്ഛൻ ആ സൈക്കിൾ ചവുട്ടിത്തന്നെയാണ് നീങ്ങുന്നത്. ശരിക്കും നമ്മുടെ നാട്ടിലെ ചാരുകസേരയ്ക്ക് രണ്ട് ചക്രം പിടിപ്പിച്ചാൽ എങ്ങിനെയിരിക്കും? അതുപോലൊരു സൈക്കിൾ. കിടന്നുകൊണ്ട് ചവിട്ടാനുള്ള സൗകര്യത്തിന് ഹാന്റിലിലാണ് പെഡൽ പിടിപ്പിച്ചിരിക്കുന്നത്. കാലുകൾ കൊണ്ട് ചവിട്ടുന്നതിനോടപ്പം ഹാന്റിൽ നിയന്ത്രിക്കുകയും വേണം. നല്ല പ്രാക്ടീസ് വേണം ഈ ചാരുകസേര സൈക്കിൾ ചവിട്ടാൻ. മാത്രവുമല്ല, തിരക്കുള്ള സൈക്കിൾ പാതകളിലൊന്നും ഈ ചാരുകസേര സൈക്കിളുകാരെ കാണാൻ കഴിയില്ലന്ന് പിന്നീട് എനിക്ക് മനസ്സിലായി. പാർക്ക് പോലുള്ള ഒഴിഞ്ഞ സ്ഥലങ്ങളിലാണ് ഈ ചാരുകസേര സൈക്കിളുകാരുടെ അ ്യാസം.

ചാരുകസേര സൈക്കിളുകാരനെ പാർക്കിലുപേക്ഷിച്ച് ഞാൻ നടത്തം തുടർന്നു. രണ്ട് മൂന്ന് കനാൽ പാലങ്ങൾ കഴിഞ്ഞപ്പോൾ ഒരു ട്രാം സ്റ്റോപ്പ് കണ്ടു. രണ്ട് മൂന്ന് പേർ ട്രാം കാത്ത് നിൽക്കുന്നുണ്ട്. ഈ വഴി കടന്നുപോകുന്ന ട്രാമുകൾ എവിടേക്കാണ് പോകുന്നത് എന്നതിന്റെ വിശദാംശങ്ങൾ സ്റ്റോപ്പിലെ ബോർഡിലുണ്ട്. ഡച്ചിലാണന്ന് മാത്രം. സെന്ററത്തിലേക്ക് പോകുന്ന ട്രാം ആണെങ്കിൽ കയറാമെന്ന് വിചാരിച്ചു ഞാനും അവിടെ നിന്നു. വന്നത് പന്ത്രണ്ടാം നമ്പർ വണ്ടിയാണ്. എവിടേക്ക് പോകുന്നതാണന്ന് അറിയില്ല, കണ്ടിട്ട് സെന്ററത്തിലേക്ക് അല്ലെന്ന് തോന്നുന്നു. എന്തായാലും കയറിയില്ല. ആ സ്റ്റോപ്പിലുണ്ടായിരുന്നവർ മുൻപിലെ വാതിലിലൂടെ കയറിയതിനോടപ്പം പിൻവാതിലിലൂടെ ഒരു ചെറുപ്പക്കാരൻ ഇറങ്ങി. അയാളുടെ കയ്യിൽ രണ്ട് വലിയ ചക്രങ്ങൾ പിടിപ്പിച്ച ഒരും ബാഗും ഉണ്ട്. അയാളെ തന്നെ നോക്കി നിന്ന എന്നോട് ഒരു ഹായ് പറഞ്ഞ് അയാൾ ബാഗ് തുറന്നതോടെ ഞാൻ വാ പൊളിച്ചു. ആ ബാഗ് ഒരു ബാഗ് ആയിരുന്നില്ല. അതൊരു സൈക്കിൾ ആയിരുന്നു. ഒരു മിനുട്ട് കൊണ്ട് അയാൾ ആ ബാഗ് സൈക്കിളാക്കി മാറ്റി ചവുട്ടിപ്പോയി. ഫോൾഡിങ്ങ് സൈക്കിൾ എന്നാണത്രെ അതിനെ പറയുക. മടക്കി, ചുരുട്ടി കയ്യിലെടുത്ത് ബസ്സിലോ, ട്രാമിലോ, ട്രയിനിലോ കയറാം. റെയിൽവേ സ്റ്റേഷനുകളിലും ബസ് സ്റ്റാൻഡുകളിലും ഇത്തരം സൈക്കിളുകൾ തിരക്കിട്ട് മടക്കുകയും ചെയ്യുന്നവർ ഹോളണ്ടിലെ ഒരു സ്ഥിരം കാഴ്ചയാണ്. അലക്ഷ്യമായി ഞാൻ നടപ്പു തുടങ്ങി. അല്പം നടന്നപ്പോഴേക്കും ആംസ്റ്റർഡാം സർവ്വകലാശാലയുടെ പ്രധാന കവാടം കണ്ടു. അടുത്ത ആഴ്ചയിലൊരു ദിവസം ഈ വിശ്വസർവ്വകലാശാലയുടെ ജേർണലിസം വകുപ്പിൽ നടക്കുന്ന ഒരു വർക്ക്ഷോപ്പിൽ എനിക്ക് ഒരു ചെറിയ പ്രബന്ധം – ഇന്ത്യയിലെ ടെലിവിഷൻ പത്രപ്രവർത്തനത്തെ കുറിച്ച് അവതരിപ്പിക്കാനുണ്ട്. അതുകൊണ്ട് ജേർണലിസം വകുപ്പ് കാണാനുണ്ടോ എന്നായി എന്റെ നോട്ടം. പക്ഷെ കണ്ടില്ല. പെട്ടന്ന് റോഡിലാകെ തിരക്കായി. സമയം അഞ്ച് കഴിഞ്ഞതിന്റെ ബഹളമാണ്. ഓഫിസ് വിട്ട് പോകുന്ന ജീവനക്കാരുടെ തിരക്ക് . മിക്കവരും സൈക്കിളിൽ തന്നെയാണ് ഓഫിസിൽ വരുന്നതും പോകുന്നതും. ആംസ്റ്റർഡാം സെന്ററത്തിനോട് ചേർന്നുള്ള വലിയൊരു ഷോപ്പിങ്ങ് മാളിന്റെ മുന്നിലാണ് ഞാൻ ഇപ്പോൾ. അതിന് നേരെ എതിർ വശത്തായി ഒരു വാണിജ്യ ബാങ്കിന്റെ ആസ്ഥാനം. അതിന്റെ പാർക്കിങ്ങ് സ്ഥലത്തു നിന്നും നിരവധി വാഹനങ്ങൾ പുറത്തേക്ക് വരുന്നുണ്ട്. അധികവും

സൈക്കിളുകൾ തന്നെ. അപൂർവ്വം കാറുകളും. ജീവനക്കാരുടെ വേഷ വിധാനത്തിൽ നിന്ന് ഏതാണ്ട് അവ രുടെ തസ്തിക മസ്സിലാക്കാം. സാധാരണ ജിവനക്കാർ സാധാ രാണ വേഷത്തിൽ. അല്പം കൂടി ഉയർന്ന തലത്തിലുള്ളവർ ടൈ കെട്ടിയിരിക്കുന്നു. ചിലർക്ക് ബ്ളൈസറുമുണ്ട്. എന്നാൽ എക്സി ക്യൂട്ടീവ് പദവിയുള്ളവർ കറുത്ത ത്രീ പീസ് ഫോർമൽ സ്യൂട്ട് തന്നെ ധരിച്ചിരുന്നു. ഇവരായിരിക്കും കാറുകളിൽ പോകുന്നത് എന്ന എന്റെ ചിന്തയെ ചീന്തിയെറിഞ്ഞു കൊണ്ട് കറുത്ത സ്യൂട്ടണിഞ്ഞ ഒരു മധ്യവയ്കൻ, ഒരു തൂണിൽ ചാരിവെച്ചിരുന്ന തന്റെ സൈക്കി ളെടുത്ത് എന്റെ മുന്നിലൂടെ പാഞ്ഞുപോയി. വിശ്വസിക്കാനാ വാതെ ഒരു മിനുട്ട് സ്തം ിച്ചു നിന്നെങ്കിലും, പെട്ടന്ന് ഞാൻ ക്യാമറ ക്ളിക്കു ചെയ്തു. ഇതിനി ടയിൽ അദ്ദേഹത്തിന്റെ സൈക്കി ളിന്റെ പേര് ഞാൻ വായിക്കുകയും ചെയ്തു. വാൻഗോഗ്. ഇപ്പോ ഴെല്ലാം വാൻഗോഗ് മയമാണ് ഹോളണ്ടിൽ. വാൻഗോഗിന്റെ ചിത്രങ്ങൾ ശീലകളാക്കിയ കുട കൾ മുതൽ വാൻഗോഗ് സൈക്കിൾ വരെ വാങ്ങാൻ കിട്ടും.

പെട്ടന്ന് പുറകിൽ നിന്ന് ആരോ എന്നെ കെട്ടിപിടിച്ചു. ബലിഷ്ഠമായ കൈകൾ. തിരിഞ്ഞു നോക്കിയപ്പോൾ മുലാത്തുവാണ്. എത്യോപ്യയിലെ ആഡിസ് ആബാബ യൂണിവേഴ്സിറ്റി യിലെ ജേർണലിസം പ്രൊഫസറാണ് മുലാത്തു. ഇപ്പോൾ എന്റെ സഹപാഠി. രാവിലെ ആരുടെയോ ഒപ്പം ബുസ്സു മിൽ നിന്ന് ആംസ്റ്റർഡാമിൽ വന്നതാ ണ്. ഉച്ച മുതൽ തിരിച്ചു പോകാൻ ശ്രമി ക്കുകയാണ്. പക്ഷെ വഴി അറിയില്ല. രണ്ട് പ്രാവിശ്യം ആംസ്റ്റർഡാം സെട്രൽ റയിൽവേ സ്റ്റേഷൻ വരെ പോയി. ബുസ്സുമിലേക്കുള്ള ട്രയിനിലേക്ക് എങ്ങിനെ കയറിപ്പറ്റും എന്നറിയാത്തതി നാൽ പുറത്ത് വന്ന് കറങ്ങി നടക്കുക യാണ്. അപ്പോഴാണ് ക്യാമറയുമായി നിൽക്കുന്ന എന്നെ കണ്ടത്. അതിന്റെ സന്തോഷത്തിലാണ് ഈ കെട്ടിപ്പിടു ത്തം. സൂര്യൻ രാത്രി പത്ത് മണിയാ യിട്ടേ അസ്തമിക്കൂവെങ്കിലും, അഞ്ച് മണി കഴിഞ്ഞതോടെ നല്ല തണുപ്പ് തുട ങ്ങിയിരുന്നു. അതുകൊണ്ട് തിരിച്ചുപോ കുന്നതിനെ കുറിച്ച് ഞാനും ആലോ ചിച്ച് തുടങ്ങിയിരുന്നു. നമ്മുക്ക് എന്തെ ങ്കിലും കഴിച്ചശേഷം ട്രെയിനിൽ കയ റാം, ഞാൻ പറഞ്ഞു. എങ്കിൽ സ്റ്റേഷനിൽ നിന്ന് തന്നെ കഴിക്കാം, ബീയറും സാൻവിച്ചും, ചെലവ് എന്റെ വക. കച്ചിതുരുമ്പായി എന്നെ കണ്ടുമുട്ടിയതിന്റെ ആഹ്ലാദ ത്തിൽ മുലാത്തു പറ ഞ്ഞു.തൽക്കാലം ആംസ്റ്റർഡാമിലെ സൈക്കിലുകളോട് വിട പറഞ്ഞ്, ഞങ്ങൾ സ്റ്റേഷനകത്തേക്ക് നീങ്ങി.

**(തുടരും)**

ഫോൺ
9400325349

പാരിസ്ഥിതിക വിവേകത്തിന്റെ ഒരു വ്യാഴവട്ടം

**കേരളീയം**

**12 – ാം വാർഷികാഘോഷങ്ങൾ**

ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിൽ വച്ച് കേരളീയം പ്രത്യേക ലക്ക ങ്ങളുടെ പ്രകാശനം, പുസ്തകങ്ങളുടെ പ്രസാധനം, മാധ്യമക്യാമ്പ്, വിവിധ സാമൂഹിക വിഷയങ്ങളിൽ ജില്ലാതല സെമിനാറുകൾ, സാമൂ ഹിക പ്രവർത്തക ശില്പശാല, കേരളീയം മാധ്യമ ഫെല്ലോഷിപ്പ്, കാട്- മഴ- നിലാവ് ക്യാമ്പുകൾ, ബദൽ മാധ്യമ- ഡോക്യുമെന്ററി- ഫോട്ടോ പുസ്തക പ്രദർശനം, ജൈവമേള, സൈക്കിൾ ഫെസ്റ്റിവൽ തുടങ്ങിയ പരിപാടികളോടെ 2011 നവംബർ വരെ ആഘോഷിക്കുന്നു.

മെച്ചപ്പെട്ട കേരളീയം പ്രസിദ്ധീകരിക്കാനും നിലനിർത്താനുമുള്ള യത്നങ്ങളും സജീവമായി നമ്മൾ തുടരും. പിന്തുണയും സഹകര ണവും പ്രതീക്ഷിക്കുന്നു.

*With best compliments from*

**CENTRE FOR POST GRADUATE STUDIES**

P.G. Centre

**North Bus Stand**
**Thrissur-20.**
Ph : 2338983, 6950675
e-mail : pgcentre.tsr@gmail.com

**കേരളീയം**

**അടുത്തലക്കത്തിൽ**

ലാലൂർ മാതൃകാ പദ്ധതി പ്രായോഗിക ബുദ്ധിയില്ലാത്ത വെറും ആദർശ പ്രസംഗം ലാലൂർ മാലിന്യ പ്രശ്നത്തിന് പരിഹാരമായി ഡോ. പത്തിയൂർ ഗോപിനാഥ് തയ്യാറാക്കി തൃശൂർ കോർപ്പറേഷൻ നടപ്പാക്കുന്ന പദ്ധതിയെ മാലിന്യ വിദഗ്ധൻ ഷിബു.കെ. നായർ വിമർശിക്കുന്നു.

നർമ്മദ സമരം 25 വർഷങ്ങൾ